"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് - നൈറ്റ് വാച്ച്മാൻ തസ്തികയിലെ ജോലിസമയം ക്രമീകരിക്കുന്നത് - നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പ്

സ.ഉ.(അച്ചടി) നം.1/2026/P&ARD   തീയതി,തിരുവനന്തപുരം, 04-01-2026

---

പരാമർശം:-
1. 10.12.2019-ൽ ചേർന്ന സർവ്വീസ് സംഘടനകളുടെ യോഗത്തിന്റെ മിനിട്ട്സ്.
2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 03.12.2020-ലെ എച്ച്.ആർ.എം.പി.നമ്പർ 5054/11/12/2020/റ്റി.വി.എം നമ്പർ ഉത്തരവ്.
3. 20.07.2024-ൽ ചേർന്ന വിവിധ വകുപ്പ് പ്രതിനിധികളുടെ യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 1 കാറ്റഗറി 2(k)യിൽ ഉൾപ്പെടുന്ന തസ്തികയാണ് വാച്ചർ/നൈറ്റ് വാച്ച്മാൻ. നൈറ്റ് വാച്ച്മാൻ തസ്തികയിലെ ജോലിസമയം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങളുടെയടിസ്ഥാനത്തിൽ പല വകുപ്പുകളിലും ജോലി ക്രമീകരണം നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങളും സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ നൈറ്റ് വാച്ച്മാൻ തസ്തികയിലുള്ളവർക്ക് ഓഫീസ് സമയം അവസാനിക്കുന്നത് മുതൽ പിറ്റേന്ന് ഓഫീസ് സമയം ആരംഭിക്കുന്നത് വരെ ഡ്യൂട്ടി ചെയ്യേണ്ടതായി വരുന്നുണ്ട്. ഇക്കാര്യത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ, നൈറ്റ് വാച്ച്മാൻ തസ്തികയിലെ ജോലിസമയം ആഴ്ചയിൽ 48 മണിക്കൂർ ഡ്യൂട്ടി എന്ന രീതിയിൽ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) എല്ലാ വകുപ്പുകളും അതിന് കീഴിലുള്ള ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് നൈറ്റ് വാച്ച്മാൻ സേവനം ആവശ്യമുള്ളതെന്ന് വിലയിരുത്തുക. അതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്;

a) വിലപിടിപ്പുള്ള വസ്തുക്കളും പ്രധാനപ്പെട്ട രേഖകളും സൂക്ഷിക്കേണ്ടതായിവരുന്ന ഓഫീസുകളിൽ മാത്രമായി നൈറ്റ് വാച്ച്മാൻ തസ്തിക നിജപ്പെടുത്തേണ്ടതാണ്.

b) CCTV/പോലീസ് സർവൈലൻസ് തുടങ്ങിയവ ഏർപ്പെടുത്താൻ കഴിയുന്ന ഓഫീസുകളിൽ കഴിവതും നൈറ്റ് വാച്ച്മാൻ തസ്തിക ഒഴിവാക്കുക.

c) KEXCON മുഖേനയോ മറ്റ് വിധത്തിലോ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുള്ള ഓഫീസുകളിൽ നൈറ്റ് വാച്ച്മാൻ തസ്തികകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

d) വിവിധ ഓഫീസുകൾ ഒരുമിച്ച് പ്രവർത്തിക്കുന്ന കെട്ടിടസമുച്ചയങ്ങളുടെ കാര്യത്തിൽ നൈറ്റ് വാച്ച്മാൻമാർ നിലവിലുള്ള ഓഫീസുകളിലെ മേധാവികൾ കൂടിയാലോചിച്ച് വിവിധ വകുപ്പുകളിലെ നൈറ്റ് വാച്ച്മാൻമാരെ ഒരു ദിവസം പരമാവധി രണ്ടു വാച്ച്മാൻമാരിൽ അധികം ഡ്യൂട്ടിയിൽ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി (പരമാവധി രണ്ടുപേർ ഡ്യൂട്ടിയിൽ വരത്തക്കവിധം ഡ്യൂട്ടി ക്രമീകരിച്ച് നിശ്ചയിച്ച ശേഷം) എത്ര വാച്ച്മാൻ തസ്തികകൾ ആകെ ആവശ്യമുണ്ട് എന്നും, അത് ഏതേതു വകുപ്പുകളുടെ ഓഫീസിലാണ് വേണ്ടതെന്നും കണക്കാക്കേണ്ടതാണ്.

ii) മേൽ പരാമർശിച്ച ക്രമീകരണം 2 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, ടി ക്രമീകരണത്തിനുശേഷവും നൈറ്റ് വാച്ച്മാൻ തസ്തികകൾ അധികമായി കണ്ടെത്തുകയോ, തസ്തികകളുടെ കുറവ് കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം ആയതിന്റെ വിശദാംശം സഹിതം ഭരണവകുപ്പുകളുടെ വ്യക്തമായ ശിപാർശയോടെ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/

ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-എ, ബി) വകുപ്പുകൾ.
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(റൂൾസ്-ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 05-01-2026 14:43:16
സെക്ഷൻ ഓഫീസർ